ചെയ്യാൻ സാധിക്കാതെ വരും. അതുകൊണ്ട് നേരത്തെ ഓരോ ഡിപ്പാർട്ട്മെൻറിലും ചെലവാക്കാൻ സാധിക്കാതെ വരുന്ന പരമാവധി തുക എത്രയാണെന്ന അറിയിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ഈ. ബലറാം : കോളനൈസേഷൻ ഉൾപ്പെടെ 14 കോടിയാണുള്ളതു്. അതിൽ അഗ്രികൾച്ചർ, ഇൻഡസ്ട്രീസു് എന്നീ രണ്ടു് അയിറ്റത്തിൽ വളരെ കുറച്ചേ ചെലവായിട്ടുള്ളു. മുഴുവൻ സംഖ്യയും ഫലപ്രദമായി ചെലവാക്കാൻ പ്ലാനിംഗ് അഡ്വൈസറി ബോർഡുകൂടി ഒരു പുനഃപരിശോധന നടത്തുമോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഡേറാ ശരിയാണോ എന്നു സംശയമുണ്ടു്. അഗ്രികൾച്ചർ പ്രോഗ്രസിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കുന്നതിനും പുറമേ ഇൻറൻസീവായിട്ടുള്ള പ്രവർത്തനങ്ങൾക്കു് കൂടുതൽ തുക ചെലവാക്കാനാണു് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : വിഹിതസംഖ്യ സമയത്തിനുള്ളിൽ ചെലവാകാതെ വരുന്നതിനു പല കാരണങ്ങളുണ്ടു്. ഓരോ ഡിപ്പാർട്ടുമെൻറും, അവരുടെ വകുപ്പിലേക്കു നീക്കിവച്ചിട്ടുള്ള സംഖ്യ സറണ്ടർ ചെയ്യുന്നതിനു കടി കാണിച്ചുകൊണ്ടു്, അവസാനംവരെ കാത്തിരിക്കുകയും, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ മാർച്ചു അവസാനം സറണ്ടർചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നതായി പബ്ലിക്കു അക്കൗണ്ടു്സു കമ്മിറ്റി പലതവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. ഇപ്പോൾ അതിനു് എന്തെങ്കിലും ഇംപ്രൂവ്മെൻറുണ്ടായിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പല ഡിപ്പാർട്ടുമെൻറുകളിലും അങ്ങനെ ഉണ്ടായിരുന്നു. ഇപ്പോൾ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സറണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതായി കണ്ടുവരുന്നുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : നടപ്പുവർഷത്തെ പ്രവർത്തനങ്ങൾക്കു സ്വീകരിച്ചിട്ടുള്ള പദ്ധതികളിൽ ഏതെങ്കിലും അഡ്മിനിസ്ട്രേറിവ് സാങ്ഷൻ കിട്ടാതെ വല്ലകേസും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ എന്താണു കാരണം ?

ശ്രീ. ആർ. ശങ്കർ : പദ്ധതികളുടെ ആദ്യകാലങ്ങളിൽ അഡ്മിനിസ്ട്രേറിവ് സാങ്ഷൻ കിട്ടാൻ കാലതാമസം ഉണ്ടായിട്ടുണ്ടു്; ഇപ്പോൾ അങ്ങനെ ഇല്ല.

മെയിൻറനൻസു് ഗ്രാൻറു്

* 822. [14] ശ്രീ. കെ. ജി. കരുണാകരമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) Effective strength പ്രകാരമുള്ള വിദ്യാർത്ഥികൾ ഓരോരുത്തക്കും രണ്ടേകാൽ രൂപവീതംകൂട്ടി മെയിൻറനൻസു് ഗ്രാൻറു നൽകുവാനുള്ള നിയമം വന്നതുകൊണ്ടു് മലബാർഭാഗത്തെ സ്കൂൾ മാനേജർമാർക്കു് ദോഷവും തിരുവിതാംകൂർ-കൊച്ചി ഭാഗക്കാർക്കു് ഗുണവുമാണെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലബാറിലെ മാനേജരന്മാർ ഈ രൂപം മലബാറിലേക്കു് ബാധകമാക്കരുതെന്നും മദിരാശി നിയമപ്രകാരമുള്ള അദ്ധ്യാപകൻെറ ശമ്പളത്തിൽ 15% എന്ന തോതോ അല്ലെങ്കിൽ ക്ലാസ്സു് ഒന്നുക്കു് ഒരു മൊത്തസംഖ്യ എന്ന തോതിലോ മെയിൻറനൻസു് ഗ്രാൻറു നൽകണമെന്നു അഭ്യർത്ഥിച്ചിട്ടുള്ളതു മലബാറിലെ പ്രത്യേക പരിതഃസ്ഥിതിയെ പരിഗണിച്ചു് പരിഗണനയിലെടുക്കുവാൻ ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കുട്ടികളുടെ എണ്ണം അനുസരിച്ച് മെയിൻറനൻസ് ഗ്രാൻറ് കൊടുക്കുന്നതുമൂലം മലബാറിലും, തിരുവിതാംകൂർ–കൊച്ചിയിലുമുള്ള വിദ്യാർത്ഥികൾ കുറവായ സ്കൂളുകൾക്ക് കുറഞ്ഞ ഗ്രാൻറേ കിട്ടുകയുള്ളൂ.

(ബി) അതു സാധ്യമാവുകയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒരേ വലിപ്പമുള്ള രണ്ടു കെട്ടിടങ്ങളിൽ, ഒന്നിൽ 30 കുട്ടികളും, മറ്റതിൽ 45 കുട്ടികളും പഠിക്കുമ്പോൾ, മെയിൻറനൻസു ഗ്രാൻറു വ്യത്യസ്തപ്പെടുന്നുണ്ട്. മെയിൻറനൻസു ഗ്രാൻറ് കെട്ടിടങ്ങൾക്കാണോ, കുട്ടികൾക്കാണോ ?

ശ്രീ. ആർ. ശങ്കർ : ഒരു കുട്ടിക്കു പഠിക്കുന്നതിന് ഇത്ര ചതുരശ്ര അടി സ്ഥലം വേണമെന്നു നിയമമുണ്ട്. യഥാർത്ഥത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ സ്വഭാവം, പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സ്ഥലം ഉണ്ടായിരിക്കത്തക്കവിധത്തിലുള്ളതാണ്. ആ നിലയ്ക്കു കുട്ടികളുടെ സംഖ്യയും, സ്കൂൾ കെട്ടിടത്തിന്റെ സ്വഭാവവുമായി അടുത്ത ബന്ധം ഉണ്ടായിരിക്കും. സൗകര്യമുള്ള ഒരു രീതിയായതുകൊണ്ട് ഇങ്ങനെ തീരുമാനിച്ചതാണ്. ചില സ്ഥലങ്ങളിൽ അയ്യായിരം കുട്ടികൾക്കു പഠിക്കാൻ തക്ക കെട്ടിടം ഉണ്ടാക്കിയിട്ട്, 50കുട്ടികളെയാണു പഠിപ്പിക്കുന്നതെങ്കിൽ മുഴുവൻ കെട്ടിടവും കെട്ടിമേയാൻ സർക്കാർ പണം കൊടുക്കേണ്ടിവരുന്നതു ശരിയായിരിക്കുകയില്ലല്ലോ. അതുകൊണ്ടാണ് കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ഈ തീരുമാനം എടുത്തിട്ടുള്ളതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : 500 കുട്ടികൾക്കുമാത്രം സ്ഥലസൗകര്യമുള്ളപ്പോൾ, 750 കുട്ടികൾ പഠിക്കുകയും, 100 കുട്ടികൾക്കു സ്ഥലസൗകര്യമുണ്ടെങ്കിലും കുറെ കുട്ടികൾ കുറവായി പഠിക്കുകയും ചെയ്താൽ കുട്ടികളുടെ എണ്ണം കണക്കാക്കി ഈ ഗ്രാൻറു നൽകുന്നതുകൊണ്ട് നഷ്ടമാണെന്നുള്ളകാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ കാര്യം പുനഃപരിശോധന ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ വരുമ്പോൾ അടിസ്ഥാനപരമായ മാറ്റ പലതും പുനഃപരിശോധന ചെയ്യേണ്ടിവരും. ഒരു കുട്ടിക്ക് എട്ടോ, പത്തോ ചതുരശ്ര അടി വിസ്തീർണ്ണം വേണമെന്നുള്ളതും ഭേദപ്പെടുത്തേണ്ടിവരും. അതു ബുദ്ധിപൂർവ്വകമായിരിക്കുകയില്ല.

ഓവർഡ്രാഫ്റ്റ്

* 823. [15] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറിനു സ്റ്റേറ്റു ബാങ്കു ആഫ് ഇൻഡ്യയിൽനിന്നും റിസർവ്വ് ബാങ്കിൽനിന്നും പരമാവധി കടമെടുക്കാവുന്ന സംഖ്യയെത്ര ;

(ബി) പ്രസ്തുത പരിധിയിൽക്കവിഞ്ഞു് ഇപ്പോൾ സ്റ്റേറ്റു് ഗവണ്മെൻറു് ഓവർഡ്രാഫ്റ്റായി എടുത്ത തുകയും എത്ര ;

(സി) കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിലായി ഓവർഡ്രാഫ്റ്റു് എടുത്ത തുകയെത്ര ;

(ഡി) ഈ തുക എപ്പോൾ തിരിച്ചടയ്ക്കാൻ കഴിയും ;

(ഈ) ഈ തുക തിരിച്ചടയ്ക്കാൻ ഇനിയും പുതിയ കടമെടുപ്പു വേണ്ടിവരുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) റിസർവ്വ് ബാങ്കിൽനിന്നു 405 ലക്ഷം രൂപവരെ കടം എടുക്കാവുന്നതാണ്. സ്റ്റേറ്റു ബാങ്കു് ആഫ് ഇൻഡ്യയിൽനിന്നു് ഇപ്പോൾ കടം എടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly